xxxx xxxxxxx

വിദ്യാലയത്തിന്റെ പേര് : GLPS ആനയടി

സ്കൂൾ കോഡ് : 39503

എ. ഇ. ഒ : ശാസ്താംകോട്ട

ബി. ആർ. സി : ശാസ്താംകോട്ട

സി. ആർ. സി : GLPS ആനയടി

xxxx xxxxxxx

# വിദ്യാലയം മികവിന്റെ കേന്ദ്രം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടക്കുന്നു. ചുവടു പിടിച്ചു ശാസ്താംകോട്ട ആറായടി ജി.എൽ.പി.എസ്.ഉം നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിലൂടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ - മേഖല - മലയാളം

1. മലയാള ഭാഷാശേഷികൾ, സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ ഉയർന്നതയിൽ എത്തിക്കുന്നു.

2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷാപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

3. ശരിയായ ഉച്ചാരണത്തോടെ മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.

4. വിവിധ വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക.

5. മലയാള ഭാഷാപഠനശേഷി വികസിപ്പിക്കുക.

6. മലയാള ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

# മികവിനായി ഏറ്റെടുക്കേണ്ട മറ്റ് പ്രവർത്തനങ്ങൾ

ഒറ്റനോട്ടത്തിൽ - വിദ്യാലയം മികവിന്റെ കേന്ദ്രം
- വിഷൻ

## മേഖല - അക്കാദമികം

## ഉപമേഖല - ഭാഷാപഠനം

### ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
2. ഭാഷാവികസനത്തിന് ആധുനിക സാങ്കേതികവിദ്യ

### നടത്തുന്ന പ്രവർത്തനങ്ങൾ

എല്ലാകുട്ടികൾക്കും വായിക്കാനുള്ള കഴിവ് വികസിപ്പിക്കൽ ഇതിനായി വായനാസാമഗ്രികൾ നൽകൽ ദിവസവും പത്രം വ്യക്തിഗതമായും ഗ്രൂപ്പായും വായിക്കൽ ആഴ്ചതോറും ലൈബ്രറി പുസ്തകം നൽകി വായനാകുറിപ്പ് തയ്യാറാക്കൽ കുട്ടികളുടെ ആകാശവാണി. അവതരിപ്പിക്കൽ [ഉച്ചവാർത്ത തയ്യാറാക്കി അവതരിപ്പിക്കൽ]

### ഭാഷാവികസനത്തിന് ആധുനിക സാങ്കേതിക വിദ്യ.

മലയാളം കമ്പ്യൂട്ടറിംഗ് സ്കൂളിലെ മുഴുവൻ കുട്ടികളെയും പഠിപ്പിക്കൽ

**ചുമതല - ക്ലാസ് ടീച്ചർ**

# ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

## ലക്ഷ്യം

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള കഴിവ്.

## നടത്തുന്ന പ്രവർത്തനങ്ങൾ

പ്രീടെസ്റ്റ് നടത്തി നിലവാരം കണ്ടുപിടിക്കൽ. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിലുള്ള അസംബ്ലി. പ്രാർത്ഥന, പ്രതിജ്ഞ, വാർത്ത, വായന നടത്തൽ. ഒന്നു മുതൽ നാലു വരെ ക്ലാസിലേക്കുള്ള ഡിക്ഷണറി നിർമ്മാണം. ആഴ്ചയിൽ ഒരു ദിവസം spoken English, making sentence, spelling champion -നെ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു.

# ഉപമേഖല - ഗണിതം

## ലക്ഷ്യം

അടിസ്ഥാന ഗണിത ശേഷികൾ സ്കൂളിലെ എല്ലാ കുട്ടികളെയും പഠിപ്പിക്കൽ.
പ്രായോഗിക ഗണിത പ്രശ്ന പരിഹാരശേഷി വളർത്തൽ
ഗണിതമാസിക തയ്യാറാക്കൽ.

## ഉപമേഖല - ഐ. സി. ടി. സാധ്യത

കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ ഐ. സി. ടി സാധ്യതകൾ കൂടുതലായി ഉപയോഗിക്കുക.

## ഉപമേഖല - ആരോഗ്യകായിക വിദ്യാഭ്യാസം.

### ലക്ഷ്യങ്ങൾ

ആരോഗ്യശീലങ്ങൾ വളർത്തുക, കായിക ആരോഗ്യ ക്ഷമത വളർത്തുക.

## ഉപമേഖല - ഹരിതപരിസരം

* ജൈവ വൈവിധ്യ പാർക്ക്
* ജൈവ പച്ചക്കറിത്തോട്ടം
* ഔഷധസസ്യത്തോട്ടം
* ശാസ്ത്രപതിപ്പ് നിർമ്മാണം
* ശാസ്ത്ര ക്വിസ്

## 2. സൗന്ദര്യവത്കരണം

* പൂന്തോട്ടം
* കുട്ടികളുടെ പാർക്ക്
* കളിസ്ഥലം

## 3. ഭൗതികസൗകര്യങ്ങൾ

* സ്ഥല സൗകര്യവുള്ള ക്ലാസ് മുറികൾ
* അടുക്കള , ഡൈനിംഗ് ഹാൾ
* ലൈബ്രറി

## പ്രവർത്തനം

ആരോഗ്യപ്രവർത്തകരെ കൊണ്ട് സ്കൂൾ ആരോഗ്യ പഠന ക്ലാസുകൾ നടത്തുന്നു.

## ഉപമേഖല - പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ പരിഗണിക്കൽ.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

## ചുമതല

ക്ലാസ് ടീച്ചർ

## മേഖല - അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ

## ലക്ഷ്യങ്ങൾ

സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കൽ

സമൂഹത്തിന്റെ മാറിവരുന്ന സൗന്ദര്യ ബോധം പ്രതിഫലിപ്പിക്കുന്ന കെട്ടിടങ്ങൾ.

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 1 | <u>ഭാഷാപഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ.</u><br><u>അറിവിന്റെ വഴിയിൽ</u><br>പ്രീടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, അക്ഷര കാർഡ് നിർമ്മിക്കൽ, പദങ്ങൾ നിർമ്മിക്കൽ. ഒരു അക്ഷരത്തിൽ വാക്കും പരിചയപ്പെടുത്തി ഉൾക്കൊള്ളിക്കൽ കാർഡ്, ചിത്രം - കഥ പറയൽ | 1 മുതൽ 4 വരെ | ഹ്രസ്വ കാലം 3 മാസം | അദ്ധ്യാപകർ | പേപ്പർ | 2000 | പഞ്ചായത്ത് SSA | SRG SSA PTA | PTA SRG |
| 2 | <u>വായനാവസന്തം</u><br>കുട്ടികളെ മികച്ച വായനക്കാരാക്കുക, വായനാമൂല നിർമ്മാണം, ക്ലാസ്സ് വായനാക്കൂട്ടം. | | ദീർഘകാലം 8 മാസം | അദ്ധ്യാപകർ | ലൈബ്രറി പുസ്തകം | 50000 | BRC പഞ്ചായത്ത് | SRG SSA PTA പഞ്ചായത്ത് | PTA SRG |

# English

## Objectives / aims

1. Enable to develop the communication skill in all students.
2. Enable to read, write and speak english
3. Enable the students to enjoy the rhymes and stories.
4. Enable the students to read the lesson fluency.
5. Enable the students to read the sentence with proper pronounciation.
6. Ensure to aquire the learning outcomes in each class.

| Sl No | Activity | class | Time Duration | supporters | Things | Finance | Source | support | Guidance. |
|---|---|---|---|---|---|---|---|---|---|
| 1 | Making sentences. Making a meaningful sentence to arrange from jumbled words in a sentence. Make a complete sentence by fill up in an incomplete sentences. Make a meaningful sentences by using an instructed words. | 1-4 | short term 3 months. | Teacher | Paper chart | 2000 | SSA PTA | SRG SSG PTA | PTA SRG |
| 2 | Reading test English news paper reading in a week in school assembly. | | 8 months mid term | Teacher | English newspaper | 2000 | SSA | SRG SSA PTA | SRG |
| 3 | Who is the spelling champion. selection words dictation writing there will be class selection in every month. | 1-4 | 1year. | Teacher | paper chart | 1000 | SSA | SRG SSA PTA | PTA SRG |

# മേഖല - ഗണിതം.

ലക്ഷ്യങ്ങൾ:

* എല്ലാ കുട്ടികൾക്കും ഗണിത ബോധം വളർത്തിയെടുക്കുക.
* സംഖ്യകൾ തിരിച്ചറിയാൻ, നിത്യജീവിതത്തിന് അവശ്യമായ അടിസ്ഥാന ഗണിതം അറിയാൻ പ്രാപ്തമാക്കുക.
* ചതുഷ്ക്രിയകളിൽ അറിവുണ്ടാക്കുക.
* Mental Maths ചെയ്യാനുള്ള കഴിവു വളർത്തിയെടുക്കുക.

| | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 1. | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>അബാക്കസ് ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, സങ്കലന പട്ടിക, ഗുണനപട്ടിക ഇവ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ സംഖ്യാകാർഡ് ഉപയോഗിച്ച് ഉറപ്പിക്കൽ. | 1-4 | ഹ്രസ്വ കാലം 3 മാസം | അധ്യാപകർ | പേപ്പർ സംഖ്യാ കാർഡ് ചാർട്ട് മാർക്കർ | 3000/- | S.S.A P.T.A | S.S.G P.T.A പഞ്ചായത്ത് | BRC PTA. SRG. |
| 2. | പ്രശ്നപരിഹാരശേഷി<br>ഓരോ ക്ലാസിലും ഓരോ യൂണിറ്റിലുമുള്ള ബന്ധപ്പെട്ടമായ പ്രായോഗിക പ്രശ്നം ചുമർ ബോർഡിലോ ചാർട്ടിലോ ആഴ്ചയിൽ ഒരിക്കൽ എഴുതിയിടുക. കുട്ടികൾക്ക് സ്വയം ചെയ്യാൻ അവസരം നൽകൽ. | 1-4 | മധ്യകാലം 8 മാസം. | അധ്യാപകർ | പേപ്പർ ചാർട്ട് മാർക്കർ ചുമർ ബോർഡ് | 2500/- | S.S.G P.T.A. പഞ്ചായത്ത് | S.S.G P.T.A | BRC PTA. SRG. |

## മേഖല - പരിസരപഠനം.

ലക്ഷ്യങ്ങൾ

* നിരീക്ഷണ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രാവബോധം വളർത്താൻ.
* ആസ്വാദ്യകരവും രസകരവും ജിജ്ഞാസ ഉളവാക്കുന്നതുമായ രീതിയിൽ ശാസ്ത്രപഠനം നടത്തുന്നു.
* ചുറ്റുപാടുമുള്ള മാറ്റങ്ങളെ ലളിതമായ പരീക്ഷണങ്ങളിലൂടെ അനുഭവമാക്കിയും ശാസ്ത്രപഠനത്തിന്റെ ലാളിത്യം ഉചിതമായ തന്ത്രങ്ങളിലൂടെ ബോധ്യപ്പെടുത്തിയും നിരീക്ഷികളിലൂടെയും തരംതിരിക്കലിലൂടെയും നിഗമനം രൂപീകരിക്കുന്നതിലൂടെയൊക്കെയുള്ള ശേഷികൾ വികസിപ്പിക്കുന്നു.
* പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുവാനുള്ള മനോഭാവം വളർത്തൽ.
* പരിസര ശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുക.
* എല്ലാ ക്ലാസുകൾ അസംബ്ലിയിലും കുറഞ്ഞത് ഒരു ലഘുപരീക്ഷണം. ഈ അധ്യയന വർഷത്തിൽ കുറഞ്ഞത് 100 പരീക്ഷണം നടത്തുക.

| Sl No. | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | ലഭിക്കുന്ന സംവിധാനം | സ്രോതസ്സ് | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 1. | ശാസ്ത്ര ക്വിസ്<br>ഓരോ ദിവസവും അസംബ്ലിയിൽ ശാസ്ത്ര സംബന്ധമായ ഉത്തരം വരുന്ന ശാസ്ത്ര ക്വിസ് 10 എണ്ണം വീതം തയ്യാറാക്കി അവതരണം. ഫ്ലെക്സ് ബോർഡിൽ ചോദ്യങ്ങൾ എഴുതിയ പേപ്പർ ഉറപ്പിക്കൽ. | 1-4 | പ്രവർത്തന കാലം 30 ദിവസം | അധ്യാപകർ | ചോദ്യ വിവരങ്ങൾ ഉൾപ്പെടുന്ന പേപ്പർ ബോർഡ് | 5000/- | | S.S.A | P.TA<br>S.S.G. |
| 2. | ശാസ്ത്ര ചിത്രപ്പതിപ്പ് നിർമ്മാണം.<br>ഓരോ ക്ലാസിലും ഓരോ ശാസ്ത്രജ്ഞനുമായി ബന്ധപ്പെട്ട് തുടർപ്രവർത്തനമായ ചിത്രം വിവരണം, കുറിപ്പുകൾ ചോദ്യാവലികൾ ചേർത്ത് നിർമ്മിക്കുന്നു. | | 1 മാസം മധ്യത്തിൽ | അധ്യാപകർ | പേപ്പർ ചിത്രങ്ങൾ ചാർട്ട് | 3000/- | S.S.G<br>P.TA<br>പഞ്ചായത്ത് | സന്നദ്ധ സംഘടന | P.T.A.<br>S.S.G. |

# പ്രതീക്ഷിത നേട്ടങ്ങൾ

* പ്രൈമറി സ്കൂളിലെ എല്ലാ കുട്ടികളും എഴുതാനും വായിക്കാനും പഠിക്കാൻ.
* ഇംഗ്ലീഷ് ആശയ വിനിമയം സങ്കോചം കൂടാതെ നടത്താൻ.
* ഗണിത ക്രിയകൾ (ചതുഷ്ക്രിയകൾ) ഉറപ്പാക്കാൻ.
* ഓരോ കുട്ടിയും ഓരോ ശാസ്ത്രജ്ഞരായി മാറൽ.
* സമൂഹത്തിലെ മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവുണ്ടാക്കൽ
* വ്യായാമം, യോഗ ഇവ പരിശീലിപ്പിച്ച് ആരോഗ്യ കായിക ക്ഷമത ഉണ്ടാക്കൽ.
* വിവര സാങ്കേതിക വിദ്യയിൽ അവഗാഹം നേടാൻ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ മുഖ്യധാരയിൽ എത്തൽ.

# മോണിട്ടറിംഗ് രീതി.

വാർഡ് മെമ്പർ കൺവീനറായ ഒരു ഗ്രൂപ്പാണ് ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ഇതിന് സ്കൂളിലെ മുഴുവൻ ജീവനക്കാരും, PTA യെയും പൂർവ്വ വിദ്യാർത്ഥികളും പ്രവർത്തിക്കുന്നു. പഞ്ചായത്ത്, BRC AEO എന്നിവയും ഇതിൽ പങ്കാളികളാണ്.